തട്ടുപാറയിലും പുതുരുത്തിയിലും ചെക്ക് ഡാമുകൾ

155 (6860) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ തട്ടുപാറയിലും പുതുരുത്തിയിലും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ തട്ടുപാറ ചെക്ക് ഡാം മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ആരംഭിക്കുകയും 37.5% പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ കരാറുകാരൻ 31-3-2015 വരെ കാലാവധി നീട്ടുന്നതിനേക്കായി അപേക്ഷിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതുരുത്തി തോടിനു കുറുകെ ക്രോസ് ബാർ നിർമ്മാണം എന്ന പ്രവൃത്തിക്ക് 2010-ലെ റിവൈസ്ഡ് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം റിവൈസ് ചെയ്ത 95.50 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പുതിയ ചെക്ക് ഡാമുകളും തടയണകളും

156 (6861) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി എവിടെയൊക്കെ ചെക്ക് ഡാമുകളും തടയണകളും നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ .

(ബി) ജലവിഭവ വകുപ്പിന് കീഴിൽ ജില്ലയിൽ എത്ര കുളങ്ങൾ പുനർനിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഇറിഗേഷൻ വകുപ്പിനു കീഴിൽ 8 പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ചുവടെ കൊടുക്കുന്ന തടയണകൾ പുതുതായി നിർമ്മിക്കുന്നുണ്ട്.

1. കാരിച്ചേരി പുഴയ്ക്ക് കുറുകെ രാമൻകയത്ത് കോൺക്രീറ്റ് തടയണയുടെ നിർമ്മാണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly